**“CORRUPTION, A CRIME AGAINST NATION”**

വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോ
തിരുവനന്തപുരം. 695033
E-mail:vig.vacb@kerala.gov.in
ഫോൺ നം. 0471-2305393
തീയതി. 19.09.2025

# വിജിലൻസിന്റെ മിന്നൽ പരിശോധനയിൽ റീജിയണൽ ഫയർ ഓഫീസറുടെ കൈയ്യിൽ നിന്നും കണക്കിൽപ്പെടാത്ത പണം പിടിച്ചെടുത്തു.

പാലക്കാട്, മലപ്പുറം, തൃശ്ശൂർ ജില്ലകളുടെ ചുമതലയുള്ള പാലക്കാട് റീജിയണൽ ഫയർ ഓഫീസിലെ റീജിയണൽ ഫയർ ഓഫീസർ, ഫയർ എൻ.ഒ.സി നൽകുന്നതിന് ഏജൻസികൾ മുഖേന വ്യാപകമായി വൻ തുകകൾ കൈക്കൂലി കൈപ്പറ്റുന്നതായി വിജിലൻസിന് രഹസ്യ വിവരം ലഭിച്ചിരുന്നു. ഈ വിവരത്തിന്റെ അടിസ്ഥാനത്തിൽ വിജിലൻസ് ഇന്ന് (19.09.2025) പാലക്കാടുള്ള റീജിയണൽ ഫയർ ഓഫീസറുടെ കാര്യാലയത്തിൽ ഒരു മിന്നൽ പരിശോധന നടത്തി. ഉച്ചക്ക് 12.00 മണിക്ക് ആരംഭിച്ച മിന്നൽ പരിശോധന 02.30 മണിക്ക് അവസാനിച്ചു. പരിശോധനയിൽ റീജിയണൽ ഫയർ ഓഫീസറുടെ കൈയ്യിൽ നിന്നും കണക്കിൽപ്പെടാത്ത 13,590/-രൂപ വിജിലൻസ് സംഘം പിടിച്ചെടുത്തു.

പൊതുജനങ്ങളുടെ ശ്രദ്ധയിൽ അഴിമതി സംബന്ധിച്ച വിവരങ്ങൾ ലഭിക്കുകയാണെങ്കിൽ വിജിലൻസിന്റെടോൾ ഫ്രീ നമ്പരായ 1064 എന്ന നമ്പരിലോ 8592900900 എന്ന നമ്പരിലോ വാട്ട്സ്ആപ്പ് നമ്പരായ 9447789100 എന്ന നമ്പരിലോ അറിയിക്കണമെന്ന് വിജിലൻസ് ഡയറക്ടർ ശ്രീ. മനോജ് എബ്രഹാം ഐ.പി.എസ് അഭ്യർത്ഥിച്ചു.